REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- മൂന്നാമത് ഗ്ലോബൽ സൗത്ത് ഉച്ചകോടിക്ക് ഇന്ന് തുടക്കം. വെർച്ച്വലായി ചേരുന്ന ഉച്ചകോടിയിൽ വിവിധ രാജ്യങ്ങളിലെ പ്രതിനിധികളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിക്കും.
- ഇന്ന് ചിങ്ങം ഒന്ന്. കർഷക ദിനം.
- സംസ്ഥാനതല കർഷകദിന ഉദ്ഘാടനവും കഴിഞ്ഞ വർഷത്തെ കർഷക അവാർഡ് വിതരണവും തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നിർവഹിക്കും.
- ഹൈക്കോടതിയിലെ പുതിയ ആർബിട്രേഷൻ സെൻറർ രാവിലെ കേന്ദ്ര സഹമന്ത്രി അർജുൻ റാം മേഘ് വാൾ ഉദ്ഘാടനം ചെയ്യും.
- സാങ്കേതിക രംഗത്തെ പുതിയ കാൽവെപ്പുകൾ സാധാരണക്കാർക്ക് കൂടി പ്രാപ്യമായ നീതി വ്യവസ്ഥ ഉറപ്പാക്കാൻ ഉതകുമെന്ന് സുപ്രീം കോടതി ജഡ്ജി ഭൂഷൻ രാമകൃഷ്ണ ഗവായി.
- റീ ബിൽഡ് വയനാടിനായി സാലറി ചലഞ്ച് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കി.

## വാർത്തകൾ വിശദമായി

മൂന്നാമത് ഗ്ലോബൽ സൗത്ത് ഉച്ചകോടിക്ക് ഇന്ന് തുടക്കമാകും. സുസ്ഥിരമായ ഭാവിക്കായി ശാക്തീകരിക്കപ്പെട്ട

ഗ്ലോബൽ സൗത്ത് എന്നതാണ് വെർച്ച്വലായി ഇന്ത്യ ആദിത്യമരുളുന്ന ഉച്ചകോടിയുടെ പ്രമേയം. ഉച്ചകോടിയിൽ വിവിധ രാജ്യങ്ങളിലെ പ്രതിനിധികളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിക്കും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

..........വോയ്സ്..........

വികസ്വര രാജ്യങ്ങൾക്കിടയിലെ, സുസ്ഥിര വികസനത്തിന്, ആശയവിനിമയവും സഹകരണവും മെച്ചപ്പെടുത്തുക എന്നതാണ് ഉച്ചകോടിയുടെ ലക്ഷ്യം. രാജ്യങ്ങൾക്കിടയിലെ സംഘർഷങ്ങൾ, വികസന വെല്ലുവിളികൾ , കാലാവസ്ഥാ വ്യതിയാനം, ഭക്ഷ്യ -ഊർജ്ജ രംഗത്തെ സുരക്ഷ തുടങ്ങിയ വിഷയങ്ങൾ ഉച്ചകോടി പരിഗണിക്കും. എല്ലാ ആഗോള ദക്ഷിണേന്ത്യൻ രാജ്യങ്ങളെയും ഉച്ചകോടിയിൽ പങ്കെടുക്കാൻ ക്ഷണിച്ചിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ പറഞ്ഞു. രാഷ്ട്രത്തലവന്മാർ പങ്കെടുക്കുന്ന ഉദ്ഘാടന സമ്മേളനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി നേതൃത്വം നൽകുമെന്നം അദ്ദേഹം അറിയിച്ചു.

ഇന്ത്യ-ജപ്പാൻ 2+2 വിദേശ-പ്രതിരോധ മന്ത്രിമാരുടെ യോഗത്തിന്റെ മൂന്നാം റൗണ്ട് ചൊവ്വാഴ്ച ഡൽഹിയിൽ നടക്കുമെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് അറിയിച്ചു. രക്ഷാ മന്ത്രി രാജ്നാഥ് സിംഗും വിദേശകാര്യ മന്ത്രി എസ്

ജയശങ്കറും ഇന്ത്യയെ പ്രതിനിധീകരിച്ച് 2+2 യോഗത്തിൽ പങ്കെടുക്കും.

✪✪✪

ഇന്ന് ചിങ്ങം ഒന്ന്. മലയാളികൾക്ക് പുതിയ ആണ്ട് പിറവി കൂടിയാണിന്ന്. കൊല്ലവർഷം 1200-ന് ആരംഭം കുറിക്കുന്ന ചിങ്ങം ഒന്ന് കേരളത്തിൽ കർഷക ദിനം കൂടിയാണ്.

....ഡെസ്ക് റിപ്പോർട്ട്....

..........വോയ്സ്..........

മലയാളികൾക്ക് ചിങ്ങം ഒന്ന് പുതുവർഷാരംഭമാണ്. കർക്കിടകത്തിന്റെ ദുരിതപെയ്ത്ത് മാറി ഐശ്വര്യത്തിന്റെയും സമ്പൽസമൃദ്ധിയുടേയും മാസമായാണ് ചിങ്ങത്തെ കണക്കാക്കുന്നത്. ചിങ്ങത്തിലെ ആദ്യ ദിനം കേരളത്തിന് കർഷക ദിനം കൂടിയാണ്. നമ്മുടെ ശ്രേഷ്ഠമായ കാർഷിക പാരമ്പര്യത്തെ ആഘോഷിക്കാനും കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി പുതിയ ചിന്തകൾ പങ്കുവെക്കാനും അവസരം കൂടിയാണ് ഈ ദിനം.

കാർഷിക സംസ്കാരത്തിന്റെയും ഓണക്കാലത്തിന്റെയും ഗൃഹാതുര സ്മരണകളാണ് ഓരോ മലയാളികളുടെയും മനസ്സിൽ ചിങ്ങമാസം ഉണർത്തുന്നത്. കേരളത്തിന് അന്യമായി കൊണ്ടിരിക്കുന്ന കൊയ്ത്തുത്സവത്തെ ക്കുറിച്ചു ഓർമപ്പെടുത്തൽ കൂടിയാണത്. പാടത്ത് വിളഞ്ഞ പൊൻകതിർ വീട്ടിലെത്തിച്ച് പത്തായങ്ങളിൽ നിറച്ചിരുന്ന സമ്പന്നതയും ഓണ നാളുകളിൽ മുറ്റത്ത് പൂക്കളവും

ഊഞ്ഞാലാട്ടവും കൈക്കൊട്ടിക്കളിയും തുമ്പിതുള്ളലും ഓണസദ്യയുമൊക്കെയായി മലയാളികളുടെ മനസ്സിൽ സന്തോഷത്തിന്റെ, ഐശ്വര്യത്തിന്റെ, പുതുപ്രതീക്ഷയുടെ നാളുകളാണ് ചിങ്ങപ്പുലരി.

✪✪✪

ആണ്ടുപിറവി പ്രമാണിച്ച് ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആശംസ നേർന്നു.

ഐശ്വര്യവും സുഖവും ആനന്ദവും പ്രദാനം ചെയ്യുന്ന വർഷത്തിലേക്ക് ഈ ദിനം നമ്മെ നയിക്കട്ടെ എന്ന് ഗവർണർ ആശംസിച്ചു.

✪✪✪

സംസ്ഥാനതല കർഷകദിന ഉദ്ഘാടനവും കഴിഞ്ഞ വർഷത്തെ കർഷക അവാർഡ് വിതരണവും വൈകിട്ട് നിയമസഭ കോംപ്ലക്സിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

കാർഷിക സേവനങ്ങൾക്കു കൃഷിവകുപ്പിന്റെ ഏകജാലക സംവിധാനമായ കതിർ ആപ്പും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. മന്ത്രി P.പ്രസാദ് അധ്യക്ഷനാകും. അനുഭവം, നവോത്ഥാൻ, വെളിച്ചം പദ്ധതികളുടെ പ്രഖ്യാപനവും ചടങ്ങിൽ നടക്കും.

കർഷകർക്ക് എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കുന്ന

സംയോജിത സംവിധാനമാണ് കതിർ വെബ് പോർട്ടലും മൊബൈൽ ആപ്പും.

സംസ്ഥാനത്തെ കൃഷിഭവനുകളുടെ സേവനം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിട്ട് കൃഷിവകുപ്പ് തയ്യാറാക്കിയ നൂതന സംരംഭമാണ് 'അനുഭവം. കൃഷിക്ക് അനുയോജ്യമായ ഭൂമി വിട്ടു നൽകുവാൻ താല്പര്യമുള്ളവരിൽ നിന്നും അവ കണ്ടെത്തി, അവിടെ കൃഷി ചെയ്യാൻ താല്പര്യമുള്ള വ്യക്തികൾക്കും/ഗ്രൂപ്പുകൾക്കും ഗവൺമെന്റ് ഇടപെടലിൽ ഭൂമി ലഭ്യമാക്കുന്ന പദ്ധതിയാണ് നവോത്ഥാൻ. വിവിധ കാർഷിക പദ്ധതികളും പ്രവർത്തനങ്ങളും കൂടുതൽ ജനകീയവും സുതാര്യവുമാക്കാനും പൊതുജനങ്ങൾക്ക് ലൈവായി കാണുവാനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്നതാണ് 'വെളിച്ചം പദ്ധതി.

⭐⭐⭐

സംസ്ഥാനത്ത് കാർഷിക മൂല്യ വർദ്ധനയും വിപണനവും ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ട് രൂപീകരിച്ച കാബ്കോ യുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന എക്സ്പോ സെന്ററിന്റെയും അഗ്രിപാർക്കിന്റെയും ശിലാസ്ഥാപനവും നിർമ്മാണോദ്ഘാടനവും തിരുവനന്തപുരം ആനയറയിൽ രാവിലെ മന്ത്രി പി പ്രസാദ് നിർവഹിക്കും. 65,000 സ്ക്വയർഫീറ്റ് വിസ്തൃതിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള എക്സിബിഷൻ സെൻററിൽ എക്സിബിഷനുകൾ, കൺവെൻഷനുകൾ, ട്രേഡ്ഷോകൾ, ബിസിനസ് മീറ്റിങ്ങുകൾ,

കോർപ്പറേറ്റ് ഇവെന്റുകൾ എന്നിവ നടത്തുന്നതിനു സൗകര്യങ്ങളുണ്ടാകും.

✪✪✪

ഹൈക്കോടതിയിലെ പുതിയ ആർബിട്രേഷൻ സെൻറർ രാവിലെ കേന്ദ്ര സഹമന്ത്രി അർജുൻ റാം മേഘ് വാൾ ഉദ്ഘാടനം ചെയ്യും. ഫലപ്രദമായ ആർബിട്രേഷൻ സേവനങ്ങൾ നൽകുന്നതിനാണ് കേന്ദ്രം സ്ഥാപിച്ചത്. ആർബിട്രീഷൻ സെൻററിന്റെ വെബ്സൈറ്റ് മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

✪✪✪

സാങ്കേതിക രംഗത്തെ പുതിയ കാൽവെപ്പുകൾ സാധാരണക്കാർക്ക് കൂടി പ്രാപ്യമായ നീതി വ്യവസ്ഥ ഉറപ്പാക്കാൻ ഉതകുമെന്ന് സുപ്രീം കോടതി ജഡ്ജി ഭൂഷൻ രാമകൃഷ്ണ ഗവായി അഭിപ്രായപ്പെട്ടു.

കൊല്ലത്ത് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് സ് ആക്ടിന് കീഴിലെ കേസുകൾ പരിഗണിക്കുന്നതിനായി സ്ഥാപിച്ച പ്രത്യേക ഡിജിറ്റൽ കോടതിയും, ഓൺലൈനിലൂടെ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഒരുക്കിയ വി സോൾവ് വെർച്വൽ സൊല്യൂഷൻ മേക്കർ സംവിധാനവും മറ്റും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വങ്ങൾ നാം കെട്ടിപ്പൊക്കിയ ജനാധിപത്യ വ്യവസ്ഥിതിയെ തകർക്കുന്ന നിലയിലേക്ക് നയിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഭൂമിശാസ്ത്രപരമായ ദൂരമോ, സാമ്പത്തിക അന്തരങ്ങളോ

മൂലം ഒരാൾക്ക് നീതി നിഷേധിക്കുന്ന അവസ്ഥ ഇല്ലായ്മ ചെയ്യാൻ ഡിജിറ്റൽ മേഖലയ്ക്ക് ഒരു പരിധിവരെ കഴിയും. നിർമ്മിത ബുദ്ധി മനുഷ്യ മനസ്സിന് പകരമാവില്ലെന്നും, മനുഷ്യ മനസ്സ് നീതി നിർവഹണം ഉറപ്പാക്കുന്നതിൽ സുപ്രധാന പങ്കാണ് വഹിക്കുന്നതെന്നും സുപ്രീം കോടതി ജഡ്ജി അഭിപ്രായപ്പെട്ടു.

ദൈനംദിന ജീവിതത്തിൻറെ അവിഭാജ്യ ഘടകമായി സാങ്കേതികവിദ്യ മാറിയന്നും ഗവൺമെന്റിന്റെ എല്ലാ വിഭാഗങ്ങളും ഈ മേഖലയിലെ മുന്നേറ്റങ്ങൾ ഉൾക്കൊള്ളേണ്ടത് ആവശ്യമാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങിൽ അഭിപ്രായപ്പെട്ടു. സാങ്കേതിക മുന്നേറ്റങ്ങൾക്കൊപ്പം അവയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളും വർദ്ധിച്ചതായി മുഖ്യമന്ത്രി പറഞ്ഞു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെ അതിക്രമങ്ങൾ തടയൽ നിയമത്തിന് കീഴിൽ എറണാകുളത്ത് സ്ഥാപിച്ച പ്രത്യേക കോടതിയും, ആലപ്പുഴയിൽ ബഡ്സ് നിയമത്തിന് കീഴിൽ സ്ഥാപിച്ച പ്രത്യേക കോടതിയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

പാർലമെന്റിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അധ്യക്ഷനായി ആലപ്പുഴ എംപിയും AICC സംഘടനാകാര്യ ജനറൽ സെക്രട്ടറിയുമായ കെ സി വേണുഗോപാലിനെ നിയമിച്ചു. വേണുഗോപാൽ അടക്കമുള്ളവരെ ഉൾപ്പെടുത്തി ഈ മാസമാദ്യം സമിതി പുനഃസംഘടിപ്പിച്ചിരുന്നു.

1967 മുതൽ പ്രതിപക്ഷത്തിനാണ് പിഎസി അധ്യക്ഷ സ്ഥാനം നൽകുന്നത്. കഴിഞ്ഞ ലോക്സഭയിൽ അധീർ രഞ്ജൻ ചൗധരിയായിരുന്നു അധ്യക്ഷൻ.

✪✪✪

വയനാട് ഉരുൾപൊട്ടൽ പശ്ചാത്തലത്തിൽ റീ ബിൽഡ് വയനാടിനായി സാലറി ചലഞ്ച് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കി. ചുരുങ്ങിയത് അഞ്ച് ദിവസത്തെ ശമ്പളം നൽകണമെന്നും ഇതിനായി സമ്മതപത്രം കൈമാറണമെന്നും ഉത്തരവിൽ പറയുന്നു. ഇത്തരത്തിൽ കിട്ടുന്ന തുക ഒരു പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റും. പരമാവധി മൂന്ന് ഗഡുക്കളായി തുക നൽകണമെന്നും സമ്മതപത്രം നൽകുന്ന ജീവനക്കാരിൽ നിന്ന് അടുത്ത മാസത്തെ ശമ്പളം മുതൽ പണം ഈടാക്കി തുടങ്ങുമെന്നാണ് ഉത്തരവിൽ വ്യക്തമാക്കുന്നത്. PF തുകയും ജീവനക്കാർക്ക് സംഭാവനയായി നൽകാമെന്ന് ഗവൺമെന്റ് വ്യക്തമാക്കി.

5 ദിവസത്തിൽ കൂടുതൽ സംഭാവന ചെയ്യുന്നവർക്ക് ഒരു മാസം രണ്ടു ദിവസമെന്ന ക്രമത്തിൽ 10 ഗഡുക്കളായി ശമ്പളം നൽകാമെന്നും ഉത്തരവിലുണ്ട്.

✪✪✪

മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവർക്കായി ഇന്നലെ നടത്തിയ തെരച്ചിലിലും മൃതദേഹങ്ങളും ശരീരഭാഗങ്ങളും കണ്ടെത്താനായില്ല. വയനാട് ജില്ലയിലെ പുഞ്ചിരിമട്ടം, മുണ്ടക്കൈ, ചൂരൽമല, പാലത്തിന് താഴെ ഭാഗം എന്നിവടങ്ങളിലും സൂചിപ്പാറ, കാന്തൻപാറ

തുടങ്ങിയ പ്രദേശങ്ങളിലും നിലമ്പൂർ മേഖലകളിലുമാണ് ഇന്നലെ തെരച്ചിൽ നടത്തിയത്. ജനകീയ തെരച്ചിലിന്റെ ഭാഗമായും ഒട്ടേറെ പേർ പ്രദേശത്ത് എത്തിയിരുന്നു.

✪✪✪

ഉരുൾപൊട്ടൽ ദുരന്തത്തെ തുടർന്ന് ക്യാമ്പുകളിൽ കഴിയുന്ന കുട്ടികളുടെ പരിരക്ഷകൾ ഉറപ്പാക്കണമെന്ന് ബാലാവകാശ കമ്മീഷൻ ചെയർമാൻ K.V. മനോജ് കുമാർ പറഞ്ഞു. മേപ്പാടി സെന്റ് ജോസഫ് യു.പി. സ്കൂളിൽ ചേർന്ന വിവിധ വകുപ്പുകളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടികളുടെ ക്യാമ്പുകളിലെ പരിരക്ഷ, ആരോഗ്യ പരിശോധന, കൗൺസിലങ്ങ് തുടർപഠനം എന്നിവയിലെല്ലാം പ്രത്യേക ശ്രദ്ധവേണമെന്ന് അദ്ദേഹം പറഞ്ഞു.

ബാലാവകാശ കമ്മീഷൻ ഇന്ന് വിവിധ ക്യാമ്പുകൾ സന്ദർശിക്കും.

✪✪✪

വയനാട്ടിലെ പ്രകൃതി ക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടവർക്ക് സംസ്ഥാനത്തെ സ്വകാര്യ ബസുടമകളുടെ സംഘടന നിർമ്മിച്ചു നൽകുന്ന 25 വീടുകൾക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ മുഴുവൻ സ്വകാര്യ ബസുകളും ഇന്ന് കാരുണ്യ യാത്ര നടത്തും.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

............വോയ്സ്............

⭘⭘⭘

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വടക്കൻ മേഖലാ ഫയൽ അദാലത്ത് ഇന്ന് കോഴിക്കോട് നടക്കും. നടക്കാവ് ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽ രാവിലെ മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

1,780 അപേക്ഷകൾ അദാലത്തിൽ പരിഗണിക്കും. കോഴിക്കോട്, വയനാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പരാതികളാണ് അദാലത്തിന്റെ പരിഗണനയക്ക് വരുന്നത്.

പരമാവധി അപേക്ഷകൾ അദാലത്തിൽ തീർപ്പാക്കുമെന്ന് മന്ത്രി അറിയിച്ചു.

⭘⭘⭘

പലിശരഹിത വായ്പകൾ ക്ഷീരകർഷകർക്ക് നൽകുന്ന പദ്ധതി പരിഗണനയിലുണ്ടെന്ന് മന്ത്രി ജെ ചിഞ്ചുറാണി പറഞ്ഞു. പാലക്കാട് വേലന്താവളം ക്ഷീരോൽപാദക സഹകരണ സംഘത്തിൽ പുതുതായി പണിപൂർത്തീകരിച്ച ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ദാരിദ്രരേഖയ്ക്ക് ഏറെ താഴെയുള്ളവരായി കണ്ടെത്തിയ 65,000 പേർക്ക് 95 ശതമാനം വായ്പയിൽ പശുക്കളെ നൽകുന്ന പദ്ധതി ഈ വർഷവും തുടരുമെന്നും മന്ത്രി പറഞ്ഞു.

⭘⭘⭘

ആയുഷ് മേഖലയിൽ ഈ സാമ്പത്തിക വർഷം 207 കോടി 90 ലക്ഷം രൂപയുടെ വികസന പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ദേശീയ, അന്തർദേശീയ തലത്തിൽ ആയുഷ് സേവനങ്ങളുടെ ഉന്നത പരിശീലനം നൽകുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിങ് ഇൻ ആയുഷിന് കേന്ദ്രാനുമതി ലഭിച്ചതായും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. 79 ആയുഷ് ആശുപത്രികളെ 30 ലക്ഷം മുതൽ 1 കോടി രൂപവരെ ചെലവഴിച്ച് നവീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്തെ മുഴുവൻ ഗവൺമെന്റ് /എയ്ഡഡ് ആയുഷ് മെഡിക്കൽ കോളേജുകൾക്കും അവശ്യമരുന്നുകൾ ലഭ്യമാക്കാനും ഗുണനിലവാര മാനദണ്ഡങ്ങളനുസരിച്ചു അടിസ്ഥാന സൗകര്യ വികസനത്തിനും ധനസഹായം നൽകും. താത്കാലിക ആയുഷ് ഡിസ്പെൻസറികൾ ഉൾപ്പെടെ എല്ലാ ഗവൺമെന്റ് ആയുഷ് ചികിത്സാ സ്ഥാപനങ്ങൾക്കും അവശ്യമരുന്നുകളും കണ്ടിജൻസി ഫണ്ടുകളും ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

തൊഴിലാളികൾക്ക് ഓണക്കാലത്തെ ബോണസ് സംബന്ധിച്ച് തൊഴിലാളി സംഘടനകളുമായി മന്ത്രി V. ശിവൻകുട്ടി തിരുവനന്തപുരത്ത് ചർച്ച നടത്തി.

കയർ കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് ബോണസ്സ് നിശ്ചയിക്കുന്നതിന് അതാത് വ്യവസായ ബന്ധ സമിതികൾ അടിയന്തരമായി യോഗം ചേർന്ന് ബോണസ്സ്

നിശ്ചയിക്കാൻ ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

ബോണസ്സുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തർക്കങ്ങൾ ഉഭയകക്ഷി ചർച്ചയിലൂടെ സമവായത്തിൽ എത്തിക്കാൻ കഴിയണമെന്നും മന്ത്രി പറഞ്ഞു.